ക്കായുള്ള കാർഷിക കയറ്റുമതി മേഖലാ പദ്ധതി പ്രകാരം 2005-06 വരെയുള്ള പ്രോജക്ട് കാലാവധിക്കുള്ളിൽ 2025 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കയറ്റുമതി ലക്ഷ്യമാക്കിയിട്ടുള്ള കൃഷിയെക്കുറിച്ച് കർഷകരിൽ അവബോധം ഉണ്ടാക്കുന്നതിനായി സെമിനാറുകളും പരിശീലന പരിപാടികളും നടത്തുന്നുണ്ട്.

അന്താരാഷ്ട്ര വിപണിയിൽ കാർഷിക വിളകൾ മത്സരക്ഷമമാക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം ഉയർത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ

130 [2120] ഡോ. തോമസ് ഐസക്:
ശ്രീ. ടി. കെ. ദേവകുമാർ:
,, വി. ചെന്താമരാക്ഷൻ:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക വ്യാപാര കരാറിലെ ഗുണവശങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും ദോഷങ്ങളുടെ തീവ്രത പരമാവധി കുറയ്ക്കുന്നതിനും കാർഷിക മേഖലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പഠന റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് പറയാമോ;

(ഇ) അന്താരാഷ്ട്ര വിപണിയിൽ കാർഷിക വിളകൾ മത്സരക്ഷമമാക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ,ബി,സി,ഡി ആൻറ് ഇ) ആഗോളവൽക്കരണത്തിന്റെ ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുന്നതിനും നല്ല വശങ്ങൾ പ്രയോജനം ചെയ്ത് കാർഷിക മേഖലയെ അന്താരാഷ്ട്ര മൽസരത്തിന് പ്രാപ്തമാക്കുന്നതിനും ഉതകുന്ന ശുപാർശകൾ സമർപ്പിക്കുന്നതിനായി ഡോ. എം. എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായി ഒരു കമ്മീഷൻ രൂപീകരിക്കുകയും അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ഉണ്ടായി. കേന്ദ്ര സർക്കാർ തലത്തിലും സംസ്ഥാന സർക്കാർ തലത്തിലും നടപടി സ്വീകരിക്കേണ്ട ശുപാർശകൾ റിപ്പോർട്ടിൽ അടങ്ങിയിരുന്നു. സംസ്ഥാന തലത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കാർഷിക വ്യാപാര കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായും കൃഷി വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനായും ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും. ഈ സമിതിയെ സഹായിക്കാനായി സാമ്പത്തിക ലോക വ്യാപാര കാര്യങ്ങളിൽ വിദഗ്ദ്ധയായ ഒരു ഐ. ഇ. എസ്. ഉദ്യോഗസ്ഥയുടെ നേതൃത്വത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഡബ്ല്യു. ടി. ഒ. സെൽ രൂപീകരിക്കുകയും ചെയ്തു. കാർഷിക വ്യാപാര വിപണന രംഗത്തിലുള്ള വിദഗ്ദ്ധരെ ലഭ്യമാക്കുന്നതിന് ഒരു വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് അഞ്ചു വർഷ കാല യളവിലേക്ക് ഭരണാനുമതി നൽകുകയും ടി സർവ്വകലാശാലയ്ക്ക് ഒരു എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിക്കുകയും ചെയ്തു. സർവ്വ കലാശാല അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനുമായി ഒരു ഔഷധ ജൈവ താഴ്വര (ഹെർബൽ ബയോ വാലി) രൂപീകരിക്കുന്നതിന് നടപടി സ്വീകരി ക്കുകയും ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ സംരക്ഷണം സംബന്ധിച്ച് ആലപ്പി കാർഡമം, മലബാർ പെപ്പർ തുടങ്ങിയ സുഗന്ധ വ്യഞ്ജന ങ്ങളുടെ സംരക്ഷണം ലഭ്യമാക്കുവാൻ സ്പൈസസ് ബോർഡുമായി ചേർത്ത് നടപടിയെടുക്കുകയും ചെയ്തു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ഉന്നതതല സമിതി രൂപീകരിച്ച് പ്രവർത്തന രേഖ തയ്യാറാക്കുകയും വയനാട്, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിൽ 800 ഹെക്ടർ സ്ഥലത്ത് ജൈവ കുരുമുളക് കൃഷിക്ക് സഹായം നൽകുന്നതിന് നടപടി സ്വീകരി ക്കുകയും ചെയ്തു. ഡോ. വി. എൻ. ചോപ്ര കമ്മിറ്റി, ശ്രീ. കെ. പി. പി. നമ്പ്യാരുടെ അദ്ധ്യക്ഷതയിലുള്ള ഉപ സമിതി എന്നിവയുടെ നിർദ്ദേശ പ്രകാരം ഒരു കിസാൻ പ്രോജക്ട് തയ്യാറാക്കി കൃഷി വിജ്ഞാന വ്യാപനത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പച്ചക്കറികളുടേയും പഴവർഗ്ഗങ്ങളുടേയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനു കാർഷിക കയറ്റുമതി മേഖലകളും ആരംഭിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഒരു മാദ്ധ്യമ സെൽ രൂപീകരിക്കുകയും കാർഷിക അനുബന്ധ മേഖലകളിലെ നാടൻ സാങ്കേതിക വിവരങ്ങൾ ക്രോഡീകരിച്ച് രേഖപ്പെടുത്താൻ സംസ്ഥാന പ്ലാനിംഗ് ബോർഡ് പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എൻ. ഡി. ഡി. ബി.-യുടെ സഹായത്തോടെ സംസ്ഥാനത്തെ ജന്തു രോഗ നിയന്ത്രണ മേഖലയാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഒരു പോറൻറ് ഇൻഫർമേഷൻ സെൻറർ സ്ഥാപിച്ചു. മത്സ്യബന്ധനം സംബന്ധിച്ച് ഒരു കരട് നയം രൂപപ്പെടുത്തുകയും ഇക്കോ ടൂറിസം, ഹെൽത്ത് ടൂറിസം, സ്പിരിച്ചൽ ടൂറിസം എന്നിവയുടെ വികസനത്തിനായി നടപടി സ്വീകരിച്ചു വരികയും ചെയ്തു. വരൾച്ച ബാധിത ജില്ലകളായ വയനാട്, ഇടുക്കി, കോഴിക്കോട് എന്നിവിടങ്ങളിലെ നഷ്ടപ്പെട്ടതും രോഗം ബാധിച്ചതു മായ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി 395.54 കോടി രൂപയുടേയും വടക്കൻ ജില്ലകളിൽ മഞ്ഞളിപ്പ് രോഗം ബാധിച്ച കമുക് തോട്ടങ്ങളുടെ പരിപാലത്തിനായി 2.19 കോടി രൂപയുടേയും വരൾച്ച ബാധിച്ച കശുമാവ് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി 106.70 കോടി രൂപയുടേയും കാറ്റു വീഴ്ച ബാധിച്ച തെങ്ങിൻ തോട്ടങ്ങളുടെ പരിപാലന ത്തിനും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി 1924.67 കോടി രൂപയുടേയും പദ്ധതികളും കേന്ദ്ര സഹായത്തോടുകൂടി സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നുണ്ട്. കേരളത്തിലെ കൂടുതൽ കാർഷിക വിളകളെ കേന്ദ്ര കൃഷി ഇൻഷ്വറൻസിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

പച്ചക്കറി ഉൽപ്പാദനം പ്രോൽസാഹിപ്പിക്കുന്നതിന് നടപടി

131 [2121] ശ്രീ. ബിനോയ് വിശ്വം:
,, പി. നാരായണൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly